12181
16/7/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

നമ്പർ:പൊ.മ.വ.-എഫ് 1/ 97/18-പൊ.മ.വ.

പൊതുമരാമത്ത് (എഫ്) വകുപ്പ്
തിരുവനന്തപുരം, തീയതി: 15/07/2019

## നോട്ടീസ്

ശ്രീ.പി.എം.ശ്രീവത്സൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പൊതുമരാമത്ത് വകുപ്പ് എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്ത കുറ്റത്തിന് 1960 ലെ കേരളാ സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങള്ൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടികൾ താങ്കൾക്കെതിരെ എടുക്കാതിരിക്കാൻ കാരണം കാണിക്കുന്ന താങ്കളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ടുള്ള 30.04.2018 ലെ എഫ് 1/ 97/ 2018 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ പ്രസ്തുത കുറ്റപത്രവും കുറ്റാരോപണ പത്രികയും വിതരണം ചെയ്യപ്പെടാതെ "Adress not known" എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട് മെന്റിലേയ്ക്ക് മടക്കി. മേൽ സാഹചര്യത്തിൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 311-ൽ വിഭാവനം ചെയ്തിട്ടുള്ള അധികാരം ഉപയോഗിച്ച് KCS(CC&A) Rule 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം ഒഴിവാക്കിക്കൊണ്ട് അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്ത തിയ്യതി മുതൽ താങ്കളെ സർവീസിൽ നിന്നും നീക്കം ചെയ്യാൻ താത് കാലികമായി തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 10 ദിവസത്തിനുള്ളിൽ താങ്കളുടെ വിശദീകരണം ലിഖിതമായി ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്.

ആനന്ദ് സിംഗ്
സെക്രട്ടറി

സ്വീകർത്താവ് :-ശ്രീ.പി.എം.ശ്രീവത്സൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പൊതുമരാമത്ത് വകുപ്പ്